## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1992** **07.07.2015-ൽ മറുപടിയ്ക്ക്**

## സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ ; | (എ) ഉണ്ട്. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുവാനുള്ള പദ്ധതി സംബന്ധിച്ച് ബോർഡ് 17-05-2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ പണമടയ്ക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ അൻപതു ശതമാനം ഇളവ് ലഭിച്ചിരുന്നു. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തുകയുടെ 50% കൺസഷൻ ലഭിക്കുന്നതിന് 31-03-2014 വരെ സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പലതും മീറ്ററുകൾ സ്ഥാപിക്കുവാനായി പണം അടച്ചിരുന്നെങ്കിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് നടപ്പാക്കുന്നതിനായി വ്യത്യസ്ത രീതികളിലുള്ള സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകൾ സ്ഥാപിക്കുന്നത് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഗുണനിലവാരമുള്ള ഉപകരണങ്ങൾ നിഷ്ക്കർഷിക്കുന്നതിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റ് കൺട്രോളറിന്റെ സ്പെസിഫിക്കേഷൻ ഏകീകരിച്ചു ടെണ്ടർ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചതു കാരണം സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് നടപ്പാക്കുന്ന പ്രവൃത്തിക്ക് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതിനോടകം പണം അടച്ചിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന തെരുവുവിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിക്കുന്ന പ്രവൃത്തികൾ നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിക്ക് എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങൾ കെ. എസ്. ഇ. ബിയ്ക്ക് പണമടച്ചിട്ടുണ്ടെന്നും ആകെ എന്തു തുക ഇതുവഴി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ; | (ബി) | 563 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആകെ 22,79,63,149 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ അടച്ചിട്ടുണ്ട്. |
| (സി) | പണമടച്ച സ്ഥാപനങ്ങൾക്ക് അടിയന്തിരമായി മീറ്ററുകൾ സ്ഥാപിച്ചു നൽകാൻ നടപടി സ്വീകരിക്കാമോ ? | (സി) | കൺട്രോളറുകൾ ലഭ്യമാകുന്ന മുറയ്ക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**